**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 145** **12-09-2023 - ൽ മറുപടിയ്ക്ക്**

**കർഷകർക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാലവർഷക്കെടുതിമൂലം ഉണ്ടായ കൃഷി നാശത്തിന്റെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കൃഷി വകുപ്പിന്റെ എയിംസ് പോർട്ടലിലെ പ്രാഥമിക കണക്കു പ്രകാരം 01.04.2023 മുതൽ 10.09.2023 വരെ സംസ്ഥാനത്തുണ്ടായ ശക്തമായ മഴയിൽ 1,22,322 കർഷകരുടെ 33983.63 ഹെക്ടർ സ്ഥലത്തെ കൃഷി നശിച്ചതായും 30338.16 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | പ്രകൃതിക്ഷോഭം മൂലം കൃഷി നശിക്കുന്ന കർഷകർക്ക് സംസ്ഥാന കൃഷി വകുപ്പ് പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തിര പരിപാടി പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിന്റെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നുള്ള വിഹിതവും, സംസ്ഥാന വിഹിതവും നഷ്ടപരിഹാരമായി നൽകുന്നുണ്ട്. കൂടാതെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരവും നൽകിവരുന്നു.<br><br>വിതച്ച നെല്ല് നഷ്ടപ്പെട്ടുപോയ കർഷകർക്ക് വിള വീണ്ടും ഇറക്കുന്നതിനായി പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തിര പരിപാടി പദ്ധതി പ്രകാരം നെൽവിത്ത് സൗജന്യമായി നൽകുന്നതിനുള്ള ക്രമീകരണം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി (KSSDA) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കർഷകരുടെ കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടി കൃഷിയിടം ഒലിച്ചുപോയി ഉണ്ടാകുന്ന നഷ്ടത്തിനും,മടകളുടെ പുനർ നിർമ്മാണത്തിനുമുള്ള നഷ്ടപരിഹാരം ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേന സംസ്ഥാന ദുരന്ത |

| | | | |
|---|---|---|---|
| | | | പ്രതികരണ നിധിയിൽ (SDRF) നിന്നും ലഭ്യമാക്കുന്നുണ്ട്. |
| (സി) | പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിക്കുന്നവർക്ക് വിതരണം ചെയ്യുന്ന നഷ്ടപരിഹാര തുക കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ എന്നത്തേക്ക് വിതരണം പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (സി) | ഉണ്ട്. എയിംസ് പോർട്ടലിലെ അംഗീകരിച്ച ക്ലെയിമുകളുടെ 01/05/2021 മുതൽ 10/09/2023 വരെയുള്ള റിപ്പോർട്ട് പ്രകാരം വിളനാശത്തിനുള്ള നഷ്ടപരിഹാരം സംസ്ഥാന വിഹിതം 4009.46051 ലക്ഷം രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള വിഹിതമായ (SDRF) 1246.57780 ലക്ഷം രൂപയും കുടിശ്ശികയായി നൽകുവാനുണ്ട്. 2023-24 വർഷത്തിൽ ഇതിനായി 750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ